# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 530 — 06.07.2012-ൽ മറുപടിക്ക്

## ജന്മനാ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുവാനും ചികിത്സിക്കുവാനും പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അൻവർ സാദത്ത് :<br>,, വി.ഡി.സതീശൻ :<br>,, കെ.മുരളീധരൻ :<br>,, ജോസഫ് വാഴക്കൻ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ബുദ്ധിമാന്ദ്യവും ജന്മനായുള്ള മറ്റ് ആശയ വിനിമയ സംബന്ധമായ തകരാറുകളും കാരണം അവശതയനുഭവിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും എന്തെല്ലാം ചികിത്സാ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിൽ ലഭ്യമായ കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി വഴി ചികിത്സയ്ക്കായി 5 ലക്ഷം രൂപ വരെ സഹായമായി നൽകുന്നുണ്ട്. കൂടാതെ, സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഓപ്പറേഷൻ ഉൾപ്പെടെയുള്ള മെഡിക്കൽ ട്രീറ്റ്മെന്റ്, അപകടം മൂലം വികലാംഗത്വം സംഭവിച്ചവർക്ക് ചികിത്സ, വികലാംഗർക്ക് നിലവിൽ നൽകിവരുന്ന ചികിത്സാ പദ്ധതിയിൽ ഉൾപ്പെടാത്ത തകരാറുകൾക്ക് ചികിത്സ, ശയ്യാവലംബരായവരെ ശുശ്രൂഷിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതിയിൽ ഉൾപ്പെടുത്തി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി മാസം തോറും 400 രൂപ പെൻഷൻ എന്നീ സഹായങ്ങളും നൽകിവരുന്നു. |
| (ബി) നിലവിൽ ഏതെല്ലാം സർക്കാർ സ്ഥാപനങ്ങളാണ് ഇവർക്കുള്ള ധന സഹായം നൽകിവരുന്നത് ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സാമൂഹ്യക്ഷേമ വകുപ്പുമാണ് നിലവിൽ ഇവർക്ക് ധന സഹായം നൽകുന്നത്. |
| (സി) ധനസഹായത്തിനായി ദേശീയ ഗ്രാമീണ ആരോഗ്യമിഷന്റെയും മറ്റ് കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളുടെയും സഹകരണം തേടുന്ന കാര്യം പരിഗണിക്കുമോ ; | (സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) ജന്മനാ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുവാനും ചികിത്സിക്കുവാനും ഉള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ജന്മനാ വൈകല്യമുള്ള കുട്ടികളെ കണ്ടെത്തുവാനും ചികിത്സിക്കുവാനും ഉള്ള പദ്ധതികൾക്ക് ആരോഗ്യ വകുപ്പും സാമൂഹ്യക്ഷേമ വകുപ്പും രൂപം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ